# ശേഷം സ്ക്രീനിൽ

(അക്ബർ കക്കട്ടിൽ)

(1996 ആഗസ്റ്റ് 4 ഞായറാഴ്ചത്തെ മാതൃഭൂമി വാരാന്തപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത്)

ലോറി ഡ്രൈവ് ചെയ്തുകൊണ്ട് മോഹൻലാൽ. അഭിമുഖമായി ജീപ്പിൽ പോലീസ് ആപ്പീസർ. മോഹൻലാൽ ലോറി ജീപ്പിനിട്ട് ഇടിക്കുന്നു. ജീപ്പ് പിന്നോക്കം പോയി മറിയുകയാണ്. പോലീസാപ്പീസർ ചാടി രക്ഷപ്പെടുന്നു. ലാൽ അങ്ങേരെ പിടികൂടി അഖിലേന്ത്യാ ഇടി.

ജനം ശ്വാസമടക്കിപ്പിടിച്ച് കാണുകയാണ്. കൈയടി ഹർഷാരവത്തിലോ ഹർഷാരവം കൈയടിയിലോ മുങ്ങുന്നത്?

ആപ്പീസർ തിരിച്ചു തല്ലാൻ തുടങ്ങിയിരിക്കുന്നു.

“ലാലിന് എന്തെങ്കിലും പറ്റുവോ?”

ഒരു ചെറുപ്പക്കാരൻ തൊട്ടടുത്തിരിക്കുന്ന ചങ്ങാതിയെ തോണ്ടി വലിച്ച് ചോദിക്കുന്നു. പരിഭ്രാന്തികൊണ്ട് ശബ്ദം ഇടറിയിടറി ചിന്നി വീഴുകയായിരുന്നു. നെഞ്ച് പിന്നിലേക്ക് വലിച്ച് കണ്ണും വായും പരമാവധി തുറന്ന നിലയിൽ നോട്ടം സ്ക്രീനിലേക്കു തന്നെ.

കൂട്ടുകാരനും ഇതേ അവസ്ഥയിലായിരുന്നു.

അയാളും ഇടർച്ചയുള്ള ശബ്ദത്തിൽ, ഒരു ഇളം കരച്ചിലിന്റെ മട്ടിൽ പറയുകയായി.

“ഞാനും നിന്നെപ്പോലെ ആദ്യായിട്ടല്ലേ കാണുന്നത്. എനിക്കറിയോ?”

ലാലിന് പൊതിരെ തല്ലു കൊള്ളുന്നുണ്ട്.

“തിരിച്ചടിയെടാ മോനേ.... ഞങ്ങളെ വിഷമിപ്പിക്കല്ലേ.” ഒരാൾ വിളിച്ചു പറഞ്ഞു.

“ഗുസ്തി ലാലേട്ടനെ പഠിപ്പിക്കല്ലേ....” മറ്റൊരാളുടെ വക.

അപ്പോഴേക്കും ലാൽ നല്ല ഫോമിലായി. പോലീസാപ്പീസർ ലാലിന്റെ ഇടി ഒഴിവാക്കാൻ ബദ്ധപ്പെടുകയാണ്.

പെട്ടെന്ന് തിയേറ്ററിൽ നിന്ന് ഒരു കാണി എണീറ്റുനിന്ന് ലാലിനെ നോക്കി ഒറ്റ അലർച്ച: “നിർത്തെടാ അടി!”

ആ അലർച്ചയിൽ ലാലും നടുങ്ങിപ്പോയി. ലാൽ അടി നിർത്തി പ്രേക്ഷകരുടെ നേരെ കണ്ണയച്ചു. കാണി നിൽക്കുന്നത് ലാലിന് കാണാം. പോലീസാപ്പീസറും ഇടിയേറ്റുവീണ കിടപ്പിൽ നിന്ന് തല പൊക്കി കാണിയെ നോക്കുന്നു.

“നിർത്തെടാ!” കാണി വീണ്ടും വീണ്ടും പറയുകയായിരുന്നു.

“എന്താ ആശാനേ ഇത്? ഇത് സിനിമയല്ലേ?” ലാൽ കിതച്ചുകൊണ്ട്, എന്നാൽ ഒരു ചിരി വിടർത്തി ചോദിച്ചു.

“സിനിമ്യാന്ന് വെച്ച് ഇങ്ങനേണ്ടോ ഒരു തോന്ന്യാസം. ഒരു പോലീസുദ്യോഗസ്ഥനെ ഇങ്ങനെ തല്ലാൻ പാടുണ്ടോ. താൻ സിനിമ തുടങ്ങിയതു മുതൽ കളിക്കുന്നത് പോലീസുകാരോടാണല്ലോ?” കാണി വികാരഭരിതനാവുകയാണ്.

“ആശാനെ മനസ്സിലായില്ലല്ലോ. ആശാൻ ഏതെങ്കിലും പോലീസുകാരന്റെ മകനാണോ?”

‘ലാൽ സ്റ്റൈലി’ലുള്ള ആ ചോദ്യം കാണിക്കു രസിച്ചില്ലെന്നു തീർച്ച.

“പോലീസുകാരന്റെ മകനല്ല, അച്ഛനാണെന്ന് കൂട്ടിക്കോ.” കാണി പറഞ്ഞു.

പക്ഷേ, ലാൽ പ്രകോപനമുണ്ടാക്കാൻ നിന്നില്ല. ലാൽ സൗമ്യമായി ചോദിച്ചു. "അല്ല, എന്താ പ്രശ്നം?"

"പ്രശ്നം പലതാണ്," കാണി പറയാൻ തുടങ്ങി: "ഒന്നാമത്, തന്നേക്കാൾ തടിമിടുക്കും കരുത്തുമുള്ള ഒരാളെ താൻ അടിച്ചുവീഴ്ത്തുന്ന ഒരു സ്ഥിരം ലൈനുണ്ടല്ലോ. അത് തീരെയങ്ങ് വിശ്വസിക്കാനാവുന്നില്ല. പത്തും അമ്പതും പേരെ ഒന്നിച്ചു നിരപ്പാക്കുന്നത് കാണുമ്പോൾ കരഞ്ഞുപോകുന്നു. ഇത് വല്ല തമിൾനാട്ടിലും കൊള്ളാം. കേരളത്തിൽ വേണ്ട."

ലാൽ എന്തോ മറുപടി പറയാൻ തുടങ്ങിയതാണ്. അതിനിടയിൽ പോലീസാപ്പീസർ എണീറ്റ് പൊടിതട്ടി, കാണിയോടൊരു കാച്ച്: "ഇത് തമിൾനാടല്ലെങ്കിലും, അവിടെനിന്ന് പിരിഞ്ഞു പോന്ന നാടല്ലേ. മാഷേ, ഇത് ഞങ്ങളുടെ തൊഴിലാണ്. ദയവായി തൊഴിൽ ചെയ്തു ജീവിക്കാനനുവദിക്കൂ."

"തൊഴിൽ! ഫൂ!..." കാണി കൂടുതൽ ചൂടാവുകയാണ്. "ഈ ചള്ള് ചെക്കന്റെ തല്ലു കൊള്ളാൻ നിന്നു കൊടുക്കലാണോടോ തൊഴിൽ... പോയി വല്ല ചുമടുമെടുത്ത് ജീവിക്കെടോ."

"സുഹൃത്തേ, താങ്കൾ പെട്ടെന്നിങ്ങനെ പ്രകോപിതനായതെന്താണ്", ലാൽ ഇടപെട്ടു.

"പോലീസുകാർ ഇങ്ങനെ നിരന്തരം തല്ലുകൊള്ളാൻ ഏതു നാട്ടിലാടോ നിന്നു തരിക? ഈ ആപ്പീസറുടെ കാര്യം തന്നെയെടുക്ക്. നിന്റെ ഇടി വാങ്ങാൻ മാത്രം യൂണിഫോമിട്ട് ഇയാളിങ്ങനെ ഒറ്റക്ക് നടക്കുകയാണോ? ഒരു സംഗതി അവതരിപ്പിക്കുമ്പോൾ അതിലൊരു യുക്തി വേണ്ടേ?"

"ഞങ്ങൾ നിരപരാധികളാണ്. തിരക്കഥാകൃത്ത് എഴുതിവയ്ക്കുന്നത് സംവിധായകൻ പറയുന്നതനുസരിച്ച് ചെയ്യുകമാത്രമാണ് ഞങ്ങൾ."

ലാൽ കാണിയെ അനുനയിപ്പിക്കാനുള്ള ശ്രമത്തിലാണ്. പക്ഷേ, കാണി അതും ലാലിനെ അടിക്കാനുള്ള വടിയാക്കി.

"എല്ലാം തിരക്കഥാകൃത്തിന്റെ ഭാവനയിൽ നിന്നു വരുന്നതു തന്നെ, അറിയാം. ടെൻഷൻ മുഴുവൻ അങ്ങേർക്കല്ലേ. നിങ്ങൾക്ക് സമയത്ത് മേക്കപ്പുമിട്ട് വന്നു തിരിഞ്ഞാൽ പോരേ? എന്തു സുഖം! കയ്യടിയും ഹർഷാരവവും പണവും നിങ്ങൾക്ക്. അങ്ങേരെ ആരോർക്കുന്നു?"

"ഞാനോർത്തല്ലോ...താങ്കൾ ബഹുമാനിക്കുന്ന അദ്ദേഹമെഴുതിയതാണ് ഞങ്ങൾ ചെയ്യുന്നത്."

"അദ്ദേഹം എഴുതുന്നതെന്തും ഞങ്ങൾ അംഗീകരിക്കുമെന്നതിനർത്ഥമില്ല."

"എങ്കിൽ വിശദീകരണം അങ്ങേരോടു തന്നെ ചോദിക്ക്. വിളിക്ക്."

തിയേറ്ററിൽ എന്തോ അസുഖകരമായത് സംഭവിക്കുന്നുവെന്ന് കണ്ട് ഓപ്പറേറ്റർ പുറത്തു വന്നിരുന്നു. ഓടിച്ചുകൊണ്ടിരുന്ന സിനിമ പെട്ടെന്നു നിൽക്കുകയും ലാലും മറ്റും കാണികളുടെ പ്രതികരണങ്ങൾക്ക് മറുപടി പറയാൻ തുടങ്ങുകയും ചെയ്തതോടെ അയാൾ സ്ക്രീനിനടുത്തെത്തിയിരുന്നു.

"ഈ ഫിലിം ഞാൻ പലവട്ടം കണ്ടതാണ്. ഇതിൽ ഒരിടത്തും തിരക്കഥാകൃത്തിന്റെ പൊടിപോലുമില്ല." ഓപ്പറേറ്റർ ഇടപെട്ടു പറഞ്ഞു. ലാൽ ചിരിച്ചു.

"ഇനി എന്തു ചെയ്യും?" ലാൽ കാണിയെ നോക്കി ചോദിച്ചു.

"ഈ രീതിയിലാണ് സിനിമ മുമ്പോട്ടു പോകുന്നതെങ്കിൽ, ദാ അവിടെ എക്സിറ്റ് കാണുന്നില്ലേ, ഇറങ്ങി പൊയ്ക്കോടാ...!" കാണി അലറി.

പൊടുന്നനെ ലാലിന്റെ മട്ടു മാറി.

"അതു താൻ മാത്രം പറഞ്ഞാൽ പോരല്ലോ...ഇവിടെയിരിക്കുന്ന മാന്യപ്രേക്ഷകരുടെ അഭിപ്രായമറിയണമല്ലോ."

മറ്റു കാണികൾ ഇതുവരേയും ക്ഷമിച്ചിരിക്കുകയായിരുന്നു. ഇടയ്ക്ക് രസക്കയർ മുറിഞ്ഞതിൽ അവർ അസഹിഷ്ണുക്കളായിരുന്നു.

"ലാലേട്ടാ, നിങ്ങൾ കളിക്ക്, ഞങ്ങൾ ഒറ്റക്കെട്ടായി പിന്നിലുണ്ട്..." അവരിലൊരാൾ വിളിച്ചുപറഞ്ഞു.

"എന്തു പിന്നിലുണ്ടെന്നെടോ...നീയൊക്കെയാണിവരെ വഴി തെറ്റിക്കുന്നത്." കാണി ക്ഷോഭത്തോടെ പറഞ്ഞു. അയാൾക്ക് ദേഷ്യം കൊണ്ട് വിറയ്ക്കുന്നുണ്ട്.

"ചെലയ്ക്കാണ്ട് നിക്ക് നായിന്റെ മോനേ...കുറേ നേരമായി ഞങ്ങളിതു സഹിക്കുന്നു. ലാലേട്ടൻ നിന്നോട് മാന്യമായി സംസാരിക്കുന്നതു കണ്ട് ഞങ്ങൾ അടങ്ങിയിരുന്നതാ..." വേറൊരാൾ ആവേശപൂർവം തുടർന്നു. "നമ്മുടെയൊക്കെ പെങ്ങമ്മാരെ ഒരു പോലീസുകാരൻ ഉപദ്രവിച്ചാല് ചെറുവിരലനക്കാൻ പറ്റോടോ നമ്മളിൽ പലർക്കും? ലാലേട്ടൻ അതു ചെയ്യുമ്പം സന്തോഷിക്ക്വല്ലേ വേണ്ടത്? പോലീസുകാരനെ ഇടിച്ച് ലവലാക്ക് ലാലേട്ടാ...ഇവന്റെയൊരു യുക്തി..."

കാണി വീണ്ടും എന്തോ പറയാൻ തുടങ്ങുമ്പോഴേക്ക് ആരോ കയറി അയാളുടെ ഷർട്ടിൽ പിടിച്ചു. ഒരാൾക്കൂട്ടം തന്നെ അയാളെ പൊതിഞ്ഞു.

"അയ്യോ, എന്നെ തല്ലല്ലേ..." കാണി നിലവിളിച്ചു.

ആരും അതു ചെവിക്കൊണ്ടില്ല. ഓരോരുത്തരും അവരവർക്കാവുന്ന വിധത്തിൽ കാണിയെ കൈകാര്യം ചെയ്തു.

"ഒന്നും ചെയ്യല്ലേ, ഒന്നും ചെയ്യല്ലേ..." ലാൽ വിളിച്ചു പറഞ്ഞെങ്കിലും അത് ബഹളങ്ങൾക്കിടയിൽ മുങ്ങിപ്പോയി.

ഓപ്പറേറ്റർ വീണ്ടും പടം ഓടിക്കാൻ കാബിനിലേക്ക് പോകും മുമ്പു തന്നെ സ്ഥലത്തെത്തിയ പോലീസുകാർ കാണിയെ വെള്ളവസ്ത്രം കൊണ്ട് പുതപ്പിച്ച് ഓഡിറ്റോറിയത്തിൽ നിന്ന് നീക്കം ചെയ്തു.

സ്ക്രീനിൽ ലാലും ആപ്പീസറും തമ്മിലുള്ള ഇടി തുടരുകയായി.